**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 113** **06/01/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ തുക**

**ചോദ്യം**

ശ്രീ. വി.ചെന്താമരാക്ഷൻ

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എന്ത് തുക ബാക്കിയുണ്ടായിരുന്നു;

(ബി) ഈ സർക്കാർ വന്നതിന് ശേഷം ദുരിതാശ്വാസ നിധിയിലേയ്ക്ക് ഓരോ വർഷവും എന്ത് തുക വീതം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; അതിന്റെ സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 5,04,37,664/-രൂപ (അഞ്ചു കോടി നാല് ലക്ഷത്തി മുപ്പത്തിയേഴായിരത്തി അറുന്നൂറ്റി അറുപത്തിനാല് രൂപാ മാത്രം) ബാക്കിയുണ്ടായിരുന്നു.

(ബി)

| | |
|---|---|
| 2011-12 (18/05/2011 മുതൽ) | 59,97,03,788/- രൂപ (അമ്പത്തിയൊൻപത് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി മൂവായിരത്തി എഴുന്നൂറ്റി എൺപത്തിയെട്ട് രൂപാ മാത്രം) |
| 2012-13 | 74,64,45,081/- രൂപ (എഴുപത്തിനാല് കോടി അറുപത്തിനാല് ലക്ഷത്തി നാല്പത്തിഅയ്യായിരത്തി എൺപത്തിയൊന്ന് രൂപാ മാത്രം) |
| 2013-14 (31/12/2013 വരെ) | 101,32,98,312/- രൂപ (നൂറ്റിയൊന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുന്നൂറ്റിപ്പന്ത്രണ്ട് രൂപാ മാത്രം) |

പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നുമുള്ള സംഭാവനയാണ് നിധിയുടെ സ്രോതസ്സ്.

(സി) 2011 - 12, 2012 - 13, 2013 - 14 വർഷങ്ങളിൽ ഓരോ വർഷവും എന്ത് തുക വീതം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) 2011 - 12, 2012 - 13, 2013 - 14 വർഷങ്ങളിൽ വിതരണം ചെയ്ത തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2011-12 | 65,62,33,810/- രൂപ (അറുപത്തിയഞ്ച് കോടി അറുപത്തിരണ്ട് ലക്ഷത്തി മുപ്പത്തിമൂവായിരത്തി എണ്ണൂറ്റിപ്പത്ത് രൂപാ മാത്രം) |
| 2012-13 | 73,87,22,021/- രൂപ (എഴുപത്തിമൂന്ന് കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഇരുപത്തിയൊന്ന് രൂപാ മാത്രം) |
| 2013-14 (31/12/2013 വരെ) | 95,23,13,057/- രൂപ (തൊണ്ണൂറ്റിയഞ്ച് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിമൂന്നായിരത്തി അമ്പത്തിയേഴ് രൂപാ മാത്രം) |

(ഡി) 2013 മാർച്ച് 31 -ന് എന്ത് തുക ദുരിതാശ്വാസ നിധിയിൽ നീക്കിയിരുപ്പുണ്ടായിരുന്നു; ഇപ്പോൾ അവശേഷിക്കുന്നത് എത്ര?

(ഡി) 2013 മാർച്ച് 31 -ന് ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് തുക: 78,30,802/- രൂപ (എഴുപത്തിയെട്ട് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്റിരണ്ട് രൂപാ മാത്രം)

ഇപ്പോഴത്തെ നീക്കിയിരിപ്പ് തുക (31/12/2013-ന്) :

6,88,09,974/- രൂപ (ആറ് കോടി എൺപത്തിയെട്ട് ലക്ഷത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിനാല് രൂപാ മാത്രം)

സെക്ഷൻ ഓഫീസർ.